## പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 118 | 03.02.2020-ൽ മറുപടിയ്ക്ക്

## സാന്ത്വന ചികിത്സാ പദ്ധതി

| ചോദ്യം<br>ശ്രീ.ജോൺ ഫെർണാണ്ടസ് | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | പ്രവാസ ജീവിതം കഴിഞ്ഞ് നാട്ടിൽ തിരിച്ചെത്തിയ പ്രവാസികളുടെ ചികിത്സയ്ക്കായി രൂപീകരിച്ച സാന്ത്വന ചികിത്സാ പദ്ധതിയിൽ എത്ര പേർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്; | എ) | സാന്ത്വന ചികിത്സാ ധനസഹായത്തിനായി 30.01.2020 വരെ 16,630 പേർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| ബി) | ഇതിൽ എത്ര പേർക്ക് ചികിത്സാ സഹായം അനുവദിച്ചിട്ടുണ്ടെന്നും എത്ര പേർക്ക് ചികിത്സാ സഹായം അനുവദിക്കാനുണ്ടെന്നും വ്യക്തമാക്കാമോ; | ബി) | 9559 അപേക്ഷകർക്ക് ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട്. 1251 അപേക്ഷകർക്ക് ധനസഹായം അനുവദിക്കാനുണ്ട്. |
| സി) | കുടിശ്ശികയായിട്ടുള്ള ചികിത്സാ സഹായം എത്രയെന്നും ഇത് എന്നത്തേക്ക് നൽകാൻ കഴിയുമെന്നും വ്യക്തമാക്കാമോ; | സി) | 904 ഗുണഭോക്താക്കൾക്ക് 3.5 കോടിരൂപ കുടിശ്ശികയായി വിതരണം ചെയ്യാനുണ്ട്. പ്രസ്തുത തുക നടപ്പ് സാമ്പത്തികവർഷം അവസാനിക്കുന്നതിനു മുൻപ് വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| ഡി) | വാടക വീട്ടിൽ കഴിയുന്നതും സാമ്പത്തികമായും വിവിധ രോഗങ്ങളാലും ബുദ്ധിമുട്ട് അനുഭവിക്കുന്നതുമായ എറണാകുളം ജില്ലയിലെ ഏലൂർ ഉദ്യോഗമണ്ഡൽകരയിൽ മണിയംപറമ്പിൽ വീട്ടിൽ താമസിക്കുന്ന സജി ടി. എസ്.-ന്റെ ദയനീയാവസ്ഥ കണക്കിലെടുത്ത് അനുവദിച്ച തുക (എൻ.ആർ.എസ്. 27293) ലഭ്യമാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | ഡി) | ശ്രീ. സജി റ്റി.എസ്. (NRF No. 27293)-ന് സാന്ത്വന ചികിത്സ ധനസഹായമായി അനുവദിച്ചിട്ടുള്ള 50,000/- രൂപ നടപ്പ് സാമ്പത്തികവർഷം അവസാനിക്കുന്നതിനു മുൻപ് വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ